# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 22**

---

## 100 കുടുംബങ്ങൾക്ക് സ്നേഹ വീടൊരുക്കി എം.ജി. സർവകലാശാലയിലെ എൻ.എസ്.എസ്; അഭിനന്ദനവുമായി മന്ത്രി ഡോ. ആർ. ബിന്ദു

നിർധന കുടുംബങ്ങൾക്ക് വീടു നിർമിച്ചു നൽകുന്ന നാഷണൽ സർവീസ് സ്കീമിന്റെ സ്നേഹവീട് പദ്ധതിയിൽ മഹാത്മാ ഗാന്ധി സർവകലാശാല ഇതുവരെ ഒരുക്കിയത് നൂറു വീടുകൾ. ഇതിൽ പത്തു വീടുകളുടെ താക്കോൽ ദാനം ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഇന്നലെ സർവകലാശാലയിൽ നടന്ന എൻ.എസ്.എസ് സംഗമത്തിൽ നിർവഹിച്ചു. സംസ്ഥാന തലത്തിൽ ആയിരം വീടുകൾ നിർമിക്കാൻ ലക്ഷ്യമിട്ട പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ഈ വർഷം ജൂലൈ മാസത്തിനുള്ളിൽ മുന്നൂറു വീടുകൾ ഒരുക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യുന്ന സർവകലാശാല പുതിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

ഇത്രയും കുടുംബങ്ങൾക്ക് താങ്ങും തണലുമാകുന്നതിലൂടെ നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാരും അവരെ ഏകോപിപ്പിക്കുന്ന അധ്യാപകരും വലിയ സാമൂഹിക ഉത്തരവാദിത്വമാണ് നിറവേറ്റുന്നത്. ഇതിൽതന്നെ മൂന്ന് വനിതാ കോളജിലെ വോളണ്ടിയർമാർ ചേർന്ന് അൻപതിലധികം കുടുംബങ്ങൾക്ക് വീടു നൽകുന്നത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നതായി മന്ത്രി പറഞ്ഞു.

വിവിധ കോളജുകളിലെ നാഷണൽ സർവീസ് സ്കീം യൂണിറ്റുകളുടെ നേതൃത്വത്തിൽ എട്ടു ലക്ഷം രൂപ വരെ ചിലവിട്ടാണ് 500 ചതുരശ്ര അടിയിൽ താഴെയുള്ള വീടുകൾ ഒരുക്കുന്നത്. എൻ.എസ്.എസ് വോളണ്ടിയർമാർ ശ്രമദാനത്തിലൂടെ നിർമാണ പ്രവർത്തനങ്ങളിൽ പങ്കുചേരുകയും ചെയ്യുന്നു. മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സാമ്പത്തിക സഹായത്തോടെ എൻ.എസ്.എസ് ഒരുക്കിയ 215 സ്നേഹാരാമങ്ങളുടെ സമർപ്പണവും ചടങ്ങിൽ മന്ത്രി നിർവഹിച്ചു. സംസ്ഥാനത്ത് മാലിന്യങ്ങൾ നിക്ഷേപിച്ചിരുന്ന പൊതു ഇടങ്ങൾ ശുചീകരിച്ച് ഏറ്റവുമധികം സ്നേഹാരാമങ്ങൾ ഒരുക്കിയത് എം.ജി. സർവകലാശാലയിലെ എൻ.എസ്.എസാണ്.

എൻ.എസ്.എസ് യൂണിറ്റുകൾക്ക് 2022-23ലെ പ്രവർത്തന മികവിനുള്ള പുരസ്കാരങ്ങൾ മന്ത്രി സമ്മാനിച്ചു. കോട്ടയം സി.എം.എസ് കോളജിനാണ് ഒന്നാം സ്ഥാനം. തേവര എസ്.എച്ച് കോളജ് രണ്ടാം സ്ഥാനം നേടി. സെന്റ് കുര്യാക്കോസ് കോളജ് ഓഫ് മാനേജ്മെന്റ് കുറുപ്പുംപടിക്ക് ബെസ്റ്റ് എമർജിംഗ് യൂണിറ്റ് പുരസ്കാരം ലഭിച്ചു.

സാമൂഹിക സുസ്ഥിരതയ്ക്ക് നാഷണൽ സർവീസ് സ്കീം ചെയ്യുന്ന സേവനങ്ങൾ സ്തുത്യർഹമാണെന്ന് സംഗമം ഉദ്ഘാടനം ചെയ്ത സഹകരണ, തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ, ഡോ. ബിജു തോമസ്, എ. ജോസ്, ഡോ. എസ്. ഷാജില ബീവി, ബിജു പുഷ്പൻ, ബാബു മൈക്കിൾ, എൻ.എസ്.എസ് സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ. ആർ.എൻ. അൻസർ, കൊളീജിയറ്റ് എജ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ആർ. പ്രഗാഷ്, സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ, ജില്ലാ കോ-ഓർഡിനേറ്റർ കെ.ആർ. അജീഷ് വകുപ്പ് മേധാവികൾ, ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ, നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/183/2024)

## എസ്.സി/എസ്.ടി സെൽ യോഗം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളജുകളിലെയും എസ്.സി/എസ്.ടി കൺവീനർമാരുടെ ഓൺലൈൻ യോഗം ഇന്ന്(ഫെബ്രുവരി 23) ഉച്ചയ്ക്ക് 12ന് നടക്കും.

(പി.ആർ.ഒ/39/184/2024)

## ഡിമെൻഷ്യ കെയർ ആന്റ് കൗൺസലിംഗ്; സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലാ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്(ഐയുസിഡിഎസ്) ആരംഭിക്കുന്ന ഡിമെൻഷ്യ കെയർ ആന്റ് കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ചേരാൻ ആഗ്രഹിക്കുന്നവർ സർവകലാശാല ക്യാമ്പസിലെ ഐ.യു.സു.ഡി.എസ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 9288757184, 8891391580

(പി.ആർ.ഒ/39/185/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

അഞ്ചാം സെമസ്റ്റർ ബിപിഇഎസ്(2021 അഡ്മിഷൻ റഗുലർ, 2016, 2017, 2018, 2019, 2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾ മാർച്ച് 20ന് ആരംഭിക്കും.
മാർച്ച് നാലു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. മാർച്ച് അഞ്ചിന് ഫൈനോടു കൂടിയും മാർച്ച് ആറിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.
.....................

ഒൻപതാം സെമസ്റ്റർ ഐഎംസിഎ(2019 അഡ്മിഷൻ റഗുലർ, 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി), ഡിഡിഎംസിഎ(2016 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 29 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.
മാർച്ച് ഒന്നിന് ഫൈനോടു കൂടിയും മാർച്ച് രണ്ടിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
..........................

ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോമെഡിക്കൽ ഇൻസ്ട്രുമെൻറേഷൻ(2023 അഡ്മിഷൻ റഗുലർ, 2020-2022 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 20ന് ആരംഭിക്കും.
മാർച്ച് അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. മാർച്ച് ആറിനു ഫൈനോടു കൂടിയും മാർച്ച് ഏഴിനു സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/186/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**